പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3131 — 15.02.2013 ൽ – മറുപടിക്ക്

## എ.പി.എൽ. റേഷൻ കാർഡ് ബി.പി.എൽ. ആക്കി മാറ്റുന്നതിനുള്ള നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീമതി.പി. അയിഷാ പോറ്റി | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | എ.പി.എൽ. റേഷൻ കാർഡ് ബി.പി. എൽ. വിഭാഗത്തിലേക്ക് മാറ്റി കിട്ടുന്ന തിനായി പഞ്ചായത്തുകൾ വഴി കളക്ട്രേറ്റിൽ സമർപ്പിച്ച അപേക്ഷകളിൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) | വിവരം ശേഖരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത നടപടികൾ പ്രകാരം റേഷൻ കാർഡിൽ മാറ്റം വരുത്തുന്നതിന് വീണ്ടും പഞ്ചായത്തുകൾ മുഖേന അപേക്ഷ നൽകാൻ ഉത്തരവായിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) | ഇപ്രകാരം ഉത്തരവുകളൊന്നും നൽകിയിട്ടില്ല. |
| (സി) | എ.പി.എൽ. വിഭാഗത്തിൽപ്പെടുന്ന റേഷൻ കാർഡുകൾ അർഹരായവർക്ക് ബി.പി.എൽ. വിഭാഗത്തിലേക്ക് മാറ്റുന്നതിന് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ എന്തെല്ലാമാണ്; | (സി) | 05.11.2011 ലെ ജി.ഒ(എം.എസ്) നം.38/11/ ഭ.സി.സ.വ എന്ന സർക്കാർ ഉത്തരവ് അനുസരിച്ച് അപേക്ഷകൾ പരിശോധിച്ച് അർഹരായവർക്ക് ബി.പി.എൽ. കാർഡുകൾ നൽകുവാൻ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 27.04.12 ലെ സ.ഉ(കൈ)112/2012 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം സർക്കാർ ജീവനക്കാർ/അദ്ധ്യാപകർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ/ആദായ നികുതി കൊടുക്കുന്നവർ, സ്വന്തമായി ഒരേക്കറിന് മുകളിൽ ഭൂമിയുള്ളവർ, സ്വന്തമായി 1000 ചതുരശ്ര അടിയ്ക്കുമേൽ വീടോ, ഫ്ളാറ്റോ ഉള്ളവർ, നാല് ചക്ര വാഹനം സ്വന്തമായി ഉള്ളവർ എന്നിവരെ ബി.പി.എൽ. ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിനും ആശ്രയ പദ്ധതിയിൽ അംഗങ്ങളായുള്ളവർ; ഓട്ടിസം ബാധിച്ചവർ; ഭർത്താവ് മരണമടഞ്ഞ സ്ത്രീകൾ; എയ്ഡ്സ്, ക്യാൻസർ രോഗികൾ; ഡയാലിസിസിന് വിധേയരാകുന്നവർ; പരസഹായമില്ലാതെ ജീവിക്കുവാൻ കഴിയാത്തവർ; ശരീരം തളർന്ന് ശയ്യാവലംബരായവർ എന്നിവരെ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുത്തുവാനും ഉത്തരവായിട്ടുണ്ട്. |
| (ഡി) | പ്രസ്തു നടപടികൾ പ്രകാരം മാറ്റം വരുത്തുന്നതിന് പരിഗണനയിലുള്ള അപേക്ഷകളിൽ കഴിവതും വേഗം തീർപ്പുണ്ടാക്കുമോ? | (ഡി) | പരിഗണനയിലുള്ള അപേക്ഷകളിന്മേൽ കഴിയുന്നതും വേഗം തീർപ്പു കൽപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ